# ബൈബിൾ ചിത്രകഥ - 32
## യേശുക്രിസ്തു - 2



# ബൈബിൾ ചിത്രകഥ-32

# യേശുക്രിസ്തു -2

# ലോകത്തിന്റെ പ്രകാശം

രചന : മൈക്കിൾ കാരിമറ്റം
ചിത്രീകരണം : ദേവസി * ബെന്നി

# ലോകത്തിൻറെ പ്രകാശം.

യേശുവിൻറെ ജനനവുമായി ബന്ധപ്പെട്ട സംഭവങ്ങളാണ് ഈ ചിത്രകഥയിൽ പ്രതിപാദിക്കുന്നത്. മത്തായി, ലുക്കാ, എന്നീ സുവിശേഷങ്ങൾ നൽകുന്ന വിവരണങ്ങളെയും സമകാലിക ചരിത്ര രേഖകളെയും ആധാരമാക്കിയാണ് ഈ കഥ രചിച്ചിട്ടുള്ളത്. പ്രവാചകന്മാർ വഴി ദൈവം മുൻകൂട്ടി അറിയിക്കുകയും ലോകജനതകൾ ആകാംംഷയോടെ കാത്തിരിക്കുകയും ചെയ്തതാണ് ആ ജനനമെങ്കിലും ആരും

പ്രതീക്ഷിക്കാത്ത വിധത്തിലായിരുന്നു അതു സംഭവിച്ചത്. ഒരുഭാഗത്തു സന്തോഷത്തിന്‍റെ അലയടി ഉയരുമ്പോൾ മറുഭാഗത്തു വിദ്വേഷവും ശത്രുതയും ശക്തിപ്പെടുന്നതു കാണാം.

ദൈവദൂതന്‍റെ സന്ദേശത്തിനു വിശ്വാസത്തോടെ മറുപടി നൽകിയ മേരി പരിശുദ്ധാത്മാവിന്‍റെ പ്രവർത്തനത്താൽ അത്ഭുതകരമാംവിധം ഗർഭിണിയായി. ലോകരക്ഷകനെ ഉദരത്തിൽ വഹിച്ച അവൾ ആദ്യമേ ചെയ്തത് തന്‍റെ

ഇളയമ്മയെ സന്ദർശിച്ചു സേവനം ചെയ്യുകയാണ്. മേരിയുടെ സന്ദർശനം എലിസബത്തിൽ സന്തോഷത്തിൻറെ ഒരു വേലിയേറ്റംതന്നെ സൃഷ്ടിച്ചു. ജനിക്കാൻ പോകുന്ന ശിശുവിനെ കർത്താവും രക്ഷകനുമായി ഏറ്റുപറഞ്ഞുകൊണ്ട് അവൾ തൻറെ വിശ്വാസം പ്രകടമാക്കി.

മേരിയുടെ ഭാവി വരനായ ജോസഫ് കന്യാജനനമെന്ന മഹാരഹസ്യത്തിനു മുമ്പിൽ വലിയൊരു ചിന്താകുഴപ്പത്തിലായി. എന്നാൽ തൻറെ ജീവിതത്തിലേക്ക് കടന്നു

വരുന്ന ദൈവത്തിനു ഹൃദയം തുറന്നു കൊടുക്കുകവഴി അദ്ദേഹം മിശിഹായുടെ പിതാവായി. ദൈവത്തിനു ഒന്നും അസാധ്യമല്ലെന്നു, വിസ്വാസികളുടെ പിതാവായ അബ്രാഹത്തെപ്പോലെ ജോസഫും വിശ്വസിച്ചു.

ദൈവത്തിൻറെ വഴികൾ പലപ്പോഴും മനുഷ്യബുദ്ധിക്ക് അഗ്രാഹ്യവും യുക്തിക്ക് അതീതവുമാണ്. മനുഷ്യൻറെ സ്വാതന്ത്ര്യത്തെ പൂർണ്ണമായി മാനിച്ചു കൊണ്ടു തന്നെ ദൈവം തൻറെ പദ്ധതികൾ

നടപ്പിലാക്കുന്നു. മനുഷ്യർ മനഃപൂർവം ചെയ്യുന്ന തിന്മയിൽ നിന്നുപോലും അവി ടന്നു നന്മ പുറപ്പെടുവിക്കുന്നു. കൂടുതൽ നികുതി ഈടാക്കുന്നതിനുള്ള ആദ്യപടി എന്ന നിലയിലാണ് അഗസ്റ്റസ് സീസർ പലസ്തീനായിൽ കാനേഷുമാരി നടത്തി യത്. എന്നാൽ, അതുവഴി മിശിഹായ്ക്കു ദാവീദിൻറെ പട്ടണമായ ബത്ലഹെമിൽ ജനിക്കാൻ, താനറിയാതെ തന്നെ, റോമൻ ചക്രവർത്തി വേദിയൊരുക്കുകയായിരു ന്നു. മാനുഷികമായി നോക്കുമ്പോൾ സത്രം സൂക്ഷിപ്പുകാരുടെ കരുണയില്ലായ്മയാണു

യേശു ഒരു തൊഴുത്തിൽ ജനിക്കാൻ കാരണം. എന്നാൽ മനുഷ്യൻ്റെ ഇല്ലായ്മയിലേക്ക് ഇറങ്ങി വരാൻ ദൈവം എടുത്ത തീരുമാനത്തിൻ്റെ പൂർത്തീകരണമായിരുന്നു അത്.

രാത്രിയിൽ പട്ടണത്തിനു വെളിയിൽ, കാവലിരുന്ന ഇടയന്മാരാണു ലോകത്തിൻ്റെ പ്രകാശമായ മിശിഹായുടെ ജനനവാർത്ത ആദ്യമായി കേൾക്കാൻ തിരഞ്ഞെടുക്കപ്പെട്ടത്. അവരാകട്ടെ, അശുദ്ധരെന്നു മുദ്രകുത്തപ്പെട്ട പാവങ്ങളാ


യിരുന്നു. തങ്ങളെപ്പോലെ പാവപ്പെട്ടവനായി ജനിച്ച ശിശുവിൽ തങ്ങളുടെ രക്ഷകനെ കാണാൻ അവർക്കു കഴിഞ്ഞു. ദേവാലയത്തിൽ കാഴ്ചവയ്ക്കപ്പെട്ട ശിശുവിനെ രക്ഷകനായി മനസ്സിലാക്കാൻ വൃദ്ധരായ ശിമയോനും ഹന്നായ്ക്കും മാത്രമേ ഭാഗ്യം ലഭിച്ചുള്ളൂ. തങ്ങൾ പ്രതീക്ഷിക്കാത്ത വിധത്തിൽ കടന്നുവന്ന ദൈവത്തെ കാണാൻ പുരോഹിതന്മാർക്കും പണ്ഡിതന്മാർക്കും സാധിച്ചില്ല.

ലോകരക്ഷകനെ തേടിവന്ന വിജാതീയർ പുൽത്തൊട്ടിയിലെ ശിശുവിനെ ദൈവവും രക്ഷകനുമായി ഏറ്റുപറഞ്ഞു. ഇസ്രായേൽ രാജാവാകട്ടെ തൻറെ സിംഹാസനം നഷ്ടപ്പെട്ടേക്കുമെന്നു ഭയന്ന് ആ ശിശുവിനെ വധിക്കാൻ ശ്രമിച്ചു. പിറക്കാനിടം കിട്ടാത്ത ശിശുവിനെ പേടിച്ചു കൂട്ടക്കൊല നടത്തുന്ന ഹേറോദേസ് ഈ ലോകത്തിലേക്കു കടന്നുവന്ന പ്രകാശത്തിനെതിരെ അന്തിമ പോരാട്ടത്തിനൊരുങ്ങുന്ന അന്ധകാര ശക്തികളുടെ പ്രതീകമാണ്.

ദൈവദൂതനിലൂടെ അറിയിക്കപ്പെട്ട കർത്താവിൻറെ തിരുവിഷ്ടത്തിനു പൂർണ്ണമായി സ്വയം സമർപ്പിച്ച മേരി തൻറെ ഇളയമ്മയായ എലിസബത്തിനെ സന്ദർശിക്കാനായി യാത്ര തിരിച്ചു. ഗലീലിയയിൽനിന്നു ജറുസലേമിലേക്കു പോകുന്ന ഒരു യാത്രാസംഘത്തിൻറെ കൂടെയാണ് അവൾ പോയത്.




ജറുസലെമിനു തെക്കു പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന അയിൻകരീം എന്ന പട്ടണത്തിൽ സഖറിയായുടെ വീട്ടിൽ എത്തിയപ്പോൾ...
ശാലോം.
!
ശാലോം. മകളേ, നിനക്കു സമാധാനം. എത്രകാല മായി നിന്നെ കാണാൻ ഞാൻ കൊതിക്കുന്നു.


മേരീ, കർത്താവിൻറെ വാക്കു
വിശ്വസിച്ച നീ ഭാഗ്യവതിയാണ്.
!


എൻറെ കർത്താവിൻറെ അമ്മയെ എൻറെ വീട്ടിൽ സ്വീകരിക്കാനുള്ള ഈ ഭാഗ്യത്തിനു ഞാൻ ഒട്ടും അർഹയല്ല. എൻറെ ഉദരത്തിലെ ശിശുപോലും സന്തോഷിക്കുന്നു.


എൻറെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. ഈ എളിയ ദാസിക്കുവേണ്ടി വലിയകാര്യങ്ങൾ ചെയ്ത ശക്തനായ ദൈവത്തിൽ ഞാൻ സന്തോഷിക്കുന്നു.
!


വിശക്കുന്നവരെ നല്ല ആഹാരം നൽകി, സമ്പന്നരെ വെറും കയ്യോടെ പറഞ്ഞയച്ചു.


സ്തോത്രഗീതത്തിനുശേഷം..
വരൂ! എന്തൊക്കെയുണ്ട്
നസ്രത്തിൽ വിശേഷങ്ങൾ?


മേരി അവരുടെകൂടെ കുറച്ചുനാൾ താമസിച്ചു. അന്നൊരു ദിവസം.
റബ്ബി എലയാസർ, ജറുസലേമിൽ ഇന്നലെ എന്തോ അത്യാഹിതമുണ്ടായെന്നു കേട്ടല്ലോ, എന്താ സംഭവിച്ചത്?
റബ്ബി ശിമെയോനും, റബ്ബി മത്തിയാസും പറഞ്ഞതനുസരിച്ചു കുറച്ചു ചെറുപ്പക്കാർ ദേവാലയത്തിൽ ഒരു ശുദ്ധീകരണം നടത്താൻ ശ്രമിച്ചു.
?!!


ദേവാലയകവാടത്തിൽ ഹേറോദേസ് പ്രതിഷ്ഠിച്ചിരുന്ന സ്വർണ്ണത്തിൽ തീർത്ത കഴുകൻറെ പ്രതിമ കുറേ ചെറുപ്പക്കാർ തകർത്തു.
വെട്ടി വീഴ്ത്തുവിൻ


പടയാളികൾ അവരെ പിടിച്ചു ഹേറോദേസിൻറെ മുമ്പിൽ ഹാജരാക്കി.
കർത്താവിനു ഞാൻ സമർപ്പിച്ച കാഴ്ച്ച നശിപ്പിച്ച നിങ്ങൾ കർത്താവിനെയും എന്നെയും അവഹേളിച്ചു. ഞാൻ മരിച്ചെന്നു കരുതി അല്ലേ?
വിഗ്രഹം നിയമവിരുദ്ധമാണ്. അതു ദേവാലയത്തിൽ വയ്ക്കുന്നതാണു കർത്താവിനെ അവഹേളിക്കൽ.


ഇവിടെ ഞാൻ നിശ്ചയിക്കുന്നതാണു നിയമം. സേവകർ, ഇവരെ മരത്തിൽ കെട്ടി ചുട്ടുകൊല്ലു.


അയാൾക്കു ഭ്രാന്താണ്. ദിവസംതോറും പുതിയ ക്രൂരതകൾ കണ്ടുപിടിക്കുന്നു.



താമസിയാതെ എലിസബത്തിന് ഒരു പുത്രൻ ജനിച്ചു. എട്ടാം ദിവസം ശിശുവിനു പേരിടാൻ വന്നപ്പോൾ...
ശിശുവിൻറെ പേര്?
അവൻറെ പിതാവിൻറെ പേരു തന്നെ, സഖറിയാ.
അല്ല, യോഹന്നാൻ.
നിങ്ങളുടെ കുടുംബത്തിൽ ഇങ്ങനെ പേരില്ലല്ലോ.

അവർ സഖറിയയോടു ചോദിച്ചു.




അപ്പോൾ സഖറിയായ്ക്കു സംസാരശക്തി വീണ്ടുകിട്ടി.
കർത്താവേ, അങ്ങേക്കു സ്തോത്രം. അവിടുന്നു വാഗ്ദാനം നിറവേറ്റിയിരിക്കുന്നു.


പൈതലേ, നീ അത്യുന്നതൻറെ പ്രവാചകൻ എന്നു വിളിക്കപ്പെടും. കർത്താവിനു വഴിയൊരുക്കാൻ നീ അവിടുത്തെ മുമ്പേ പോകും.
അത്ഭുതം! വന്ധ്യയായ വൃദ്ധ പ്രസവിക്കുന്നു. മൂകർ സംസാരിക്കുന്നു. ഈ ശിശു ആരായിത്തീരും?


ഏതാനും ദിവസങ്ങൾക്കുശേഷം മേരി യാത്ര ചോദിച്ചു.
മകളേ, നീ വന്നത് എനിക്കു വലിയ സഹായമായി. ഇനി സമാധാനത്തോടെ പോവുക.
എനിക്കാകെ ഭയമാകുന്നു. എൻറെ കാര്യം ആരെങ്കിലും വിശ്വസിക്കുമോ? ജോസഫ് എന്തു വിചാരിക്കും?


കർത്താവിൽ വിശ്വസിക്കൂ. അവിടന്നു നിന്നെ കാത്തുകൊള്ളും.


മേരി നസ്രത്തിൽ തിരിച്ചെത്തി. അവൾ ഗർഭിണിയാണെന്നറിഞ്ഞു ജോസഫ് അസ്വസ്ഥനായി.
മേരിയെ സംശയിക്കാൻ എനിക്കു കഴിയുന്നില്ല. പക്ഷേ, പുരുഷസംസർഗ്ഗമില്ലാതെ .സ്ത്രീ എങ്ങനെ ഗർഭിണിയാകും?
ഞാൻ എന്താണു ചെയ്യേണ്ടത്?


മോശയുടെ നിയമം വ്യക്തമാണ്. വിവാഹ വാഗ്ദാനം ചെയ്ത ഒരു യുവതി വിവാഹത്തിനുമുൻപു സ്വപിതാവിൻറെ ഭവനത്തിൽ വച്ചു ഗർഭിണിയായാൽ അവളെ ഉപേക്ഷിക്കാൻ വരന് അവകാശമുണ്ട്.


ഉപേക്ഷച്ചിട്ട്
എഴുതിക്കൊടുക്കണം. പരസ്യമായി
വിചാരണചെയ്തു കുറ്റം
തെളിഞ്ഞാൽ അവളെ
കൊണ്ടുപോയി
കല്ലെറിഞ്ഞുകൊല്ലണം.


മേരിയെ കല്ലെറിഞ്ഞുകൊല്ലാൻ വിട്ടുകൊടുക്കുക? അതു സാധ്യമല്ല. പക്ഷേ, ഗർഭിണിയെ എങ്ങനെ ഭാര്യയായി സ്വീകരിക്കും?


എല്ലാം അറിയുന്ന
സർവ്വശക്തനായ ദൈവമേ,
വഴികാട്ടണമേ.


അവളെ ഉപേക്ഷിക്കാനും സ്വീകരിക്കാനും എനിക്കാവില്ല. രഹസ്യമായി നാടുവിട്ടു പോവുകയാണു മെച്ചം.


അപ്പോൾ ഉപേക്ഷച്ചീട്ടും വേണ്ട, വിചാരണയും വേണ്ട. എനിക്കതിൽ പങ്കില്ല.



അന്നു രാത്രി ദൈവം തൻ്റെ ദൂതനെ ജോസഫിൻ്റെ അടുക്കലേക്ക് അയച്ചു.
ദാവീദിൻ്റെ പുത്രനായ ജോസഫ്, മേരിയെ ഭാര്യയായി സ്വീകരിക്കാൻ നീ ശങ്കിക്കേണ്ട.

അവൾ ഗർഭം ധരിച്ചിരിക്കുന്നതു
പരിശുദ്ധാത്മാവിൽ നിന്നാണ്. നീ
അവനു യേശു എന്നു
പേരിടണം. അവൻ തൻറെ
ജനത്തെ അവരുടെ
പാപങ്ങളിൽനിന്നു മോചിപ്പിക്കും.


ഉറക്കത്തിൽനിന്നെണീറ്റ ജോസഫ്.
കർത്താവേ, അങ്ങേക്കു സ്തോത്രം. അങ്ങയുടെ രക്ഷാകര പദ്ധതിയിൽ പങ്കുചേരാൻ ഈ ആശാരിക്കെന്തു യോഗ്യത!


കന്യക ഗർഭം ധരിച്ച് ഒരു
പുത്രനെ പ്രസവിക്കും. അവൻ
ഇമ്മാനുവേൽ എന്നു
വിളിക്കപ്പെടും എന്ന പ്രവചനം
മേരിയിൽ നിറവേറുകയാണല്ലോ!


കർത്താവേ, ഇതാ അവിടുത്തെ ദാസൻ. എൻറെ ജീവിതം പൂർണ്ണമായി ഞാൻ അങ്ങേക്കു സമർപ്പിക്കുന്നു.


താമസിയാതെ
മേരിയും
ജോസഫും
തമ്മിലുള്ള
വിവാഹം നടന്നു.
യോവാക്കിമിന്റെയും അന്നയുടെയും
മകളായ മേരീ, മോശയുടെ നിയമപ്രകാരം
നിന്നെ എൻറെ ഭാര്യയായി ഞാൻ
സ്വീകരിക്കുന്നു. മരണം നമ്മെ
വേർപെടുത്തുന്നതുവരെ ഞാൻ നിന്നെ
സ്നേഹിക്കുകയും സംരക്ഷിക്കുകയും
ചെയ്യുന്നതാണ്.


അന്നൊരുദിവസം ജോസഫിൻറെ പണിശാലയിൽ..
ജോസഫ്, നീ കേട്ടോ, റോമാക്കാർ നമ്മുടെ ജനസംഖ്യാകണക്കെടുക്കാൻ പോകുന്നു.
രാജസേവകന്മാർ ഗ്രാമങ്ങൾ തോറും പെരുമ്പറ കൊട്ടി അറി-യിക്കുന്നുണ്ട്.
!


നമ്മുടെ ശക്തി എത്രയുണ്ടെന്നറിയാനുള്ള ശ്രമമാ.
നികുതി കൂട്ടുകയാണുദ്ദേശം. തലയെണ്ണി നികുതിപിരിക്കാൻ.



പക്ഷേ, നമ്മൾ വഴങ്ങരുത്.ഹെസക്കിയാ ഇതിനെതിരെ പ്രതിഷേധം സംഘടിപ്പിക്കുന്നുണ്ട്.
ആയുധമെടുത്തു ചെറുത്തുനിൽക്കണം. മിശിഹാവന്നു നമുക്കു നേതൃത്വം നൽകിയിരുന്നെങ്കിൽ!
!


ഹെസക്കിയാ തന്നെയാ മിശിഹായെന്നു പലരും പറയുന്നുണ്ട്. റോമക്കാരുടെയും ഹേറോദേസിന്റെയും സൈന്യങ്ങൾക്കെതിരെ അയാൾ യുദ്ധം ആരംഭിച്ചു കഴിഞ്ഞു.
മിശിഹാ വാളുമായി വരുമെന്നല്ലല്ലോ പ്രവാചകന്മാർ പറഞ്ഞിട്ടുള്ളത്.
നമ്മളും ആ കൂട്ടത്തിൽ ചേരണം. അടിമത്തത്തിൻറെ നുകം തകർക്കണം.
!?


അവൻ സമാധാനത്തിൻറെ രാജാവായിരിക്കും. അവൻ വാൾ അടിച്ചുപരത്തി കൊഴുവാക്കും, കുന്തം വാക്കത്തിയും.
ഇതു ഭീരുക്കളുടെ ദിവാസ്വപ്നമാണ്. വാക്കത്തി വാളാക്കുകയാണ് വിമോചനത്തിനാവശ്യം.
!



മക്കബായർ വാളെടുത്തതു നമ്മൾ കണ്ടില്ലേ? യഥാർത്ഥ മോചനം വാൾത്തലയിലൂടെ നേടാനാവില്ല. പൂർണ്ണഹൃദയത്തോടെ കർത്താവിലേക്കു തിരിയുകയാണാവശ്യം.
ഞങ്ങൾ മിശിഹാക്കു വഴിയൊരുക്കാൻ വാളെടുക്കുകയാണ്. നീ മാനസാന്തരം സ്വപ്നം കണ്ടിരുന്നോളൂ.



അഗസ്റ്റസ് സീസറിൻറെ കല്പനയനുസരിച്ചു പേരെഴുതിക്കാൻ ജോസഫ് തൻറെ പിതൃനഗരമായ ബേത്‌ലെഹെമിലേക്കു പോകാൻ തീരുമാനിച്ചു. മേരിയുടെ അമ്മയായ അന്നായോട് അവർ യാത്ര പറഞ്ഞു.
അമ്മേ, ഞങ്ങൾ പോയി വരട്ടെ.
കാരുണ്യവാനായ കർത്താവിൻറെ കൃപാകടാക്ഷം നിങ്ങളുടെമേൽ ഉണ്ടായിരിക്കട്ടെ. നിങ്ങളെ നയിക്കാനായി തൻറെ ദൂതനെ അവിടുന്ന് നിങ്ങൾക്കു മുമ്പേ അയയ്ക്കട്ടെ.



എന്തൊരു ധിക്കാരമാണിത്! പതിനായിരക്കണക്കിനാളുകൾ പലസ്തീനായിൽ തെക്കു വടക്കു നടക്കാൻ കൽപ്പിച്ച സീസറിൻറെ അഹങ്കാരം!
എണ്ണണമെങ്കിൽ അവനവൻ താമസിക്കുന്നിടത്തു വച്ച് എണ്ണിയാൽ പോരേ?
ഓരോരുത്തരുടെ ഗോത്രവും കുലവും തിരിച്ചു കണക്കെടുക്കണമെന്നാണത്രേ കൽപന. ദൈവത്തിൻറെ പദ്ധതിയിൽ ഇതിനും എന്തെങ്കിലും സ്ഥാനമുണ്ടാകും.



ക്ലേശകരമായ യാത്രക്കുശേഷം അവർ ബേത്‌ലെഹം പട്ടണത്തെ സമീപിച്ചു. സമയം സന്ധ്യയോടടുത്തിരുന്നു.
എനിക്കു തീരെ വയ്യാ.
ഇതാ, നമ്മൾ എത്തിക്കഴിഞ്ഞു. ആ കാണുന്നതല്ലേ ബേത്‌ലെഹം. അവിടെ ഏതെങ്കിലും സത്രത്തിൽ നമുക്കൊരു മുറിയെടുക്കാം.


പട്ടണത്തിൽ എത്തിയപ്പോൾ.
ഇവിടെ ഇരിക്കൂ. ഞാൻ ആ സത്രത്തിൽ പോയി അന്വേഷിച്ചിട്ടു വരാം.



പാവങ്ങൾക്കുള്ള സ്ഥലമല്ല ഇത്. അതാ, അവിടെ ചോദിച്ചു നോക്കൂ .
!
ഞങ്ങൾ പാവങ്ങളാണ്. മുറിയുടെ ഒരു മൂല കിട്ടിയാലും മതി.
മുറികളെല്ലാം കൊടുത്തു കഴിഞ്ഞു. വേണമെങ്കിൽ ഒരു മുറി ഒഴിവാക്കിത്തരാം. പക്ഷേ, ദിവസം നൂറു ഷെക്കലാണ് വാടക.


ജോസഫ് പോയിക്കഴിഞ്ഞപ്പോൾ..
കയ്യിൽ പണമില്ലാത്ത ഞങ്ങൾക്ക് ആരെങ്കിലും സ്ഥലം തരുമോ? പ്രപഞ്ചത്തിൻറെ നാഥനായ അവിടത്തെ പുത്രൻ പെരുവഴിയിൽ ജനിക്കണമെന്നാണോ?


ജോസഫ് പലേടത്തും അന്വേഷിച്ചു. ഒരിടത്തും സ്ഥലം കിട്ടിയില്ല.
എനിക്കിനി ഒട്ടും വയ്യാ...
നിങ്ങളെപ്പോലെ പാവപ്പെട്ടവർക്ക് പട്ടണത്തിൽ സ്ഥലം കിട്ടില്ല. വരൂ ഞാനൊരു സ്ഥലം കാട്ടിത്തരാം.
!!


അപരിചിതൻ അവരെ പട്ടണത്തിനു വെളിയിലേക്കു നയിച്ചു.
ഇതൊരു വീടല്ല. തൊഴുത്താണ്. ഇതിൻറെ ഒരു ഭാഗം നിങ്ങൾക്കുപയോഗിക്കാം. ജോസഫ്, വരൂ നമുക്കിവിടം വൃത്തിയാക്കാം.
ദൈവം അങ്ങയെ അനുഗ്രഹിക്കട്ടെ. ഈ സഹായം ഞങ്ങൾ ഒരിക്കലും മറക്കില്ല.


ദൈവമേ, എന്തിനീ കടുത്ത ദാരിദ്ര്യം? അവിടത്തെ പദ്ധതി ആർക്കു ഗ്രഹിക്കാനാവും! അങ്ങയുടെ ഇഷ്ടം നിറവേറട്ടെ.


ആ പ്രദേശത്ത് തങ്ങളുടെ ആടുകൾക്കു കാവലിരുന്ന ഒരുപറ്റം ആട്ടിടയന്മാർ ഉണ്ടായിരുന്നു.
ഹേയ്, യാക്കോബ്, യോനാ, എഴുന്നേൽക്ക്. നോക്കിക്കേ, എന്തൊരു പ്രകാശം! എന്തോ വലിയ അത്ഭുതം നടക്കാൻ പോകുന്നു.


ഇടയന്മാരേ, ഭയപ്പെടേണ്ടാ. ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിൻറെ സദ്വാർത്ത. നിങ്ങൾക്കായി ഒരു രക്ഷകൻ ജനിച്ചിരിക്കുന്നു. പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞു പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും.


അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം
ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം.


ദൈവദൂതന്മാർ അപ്രത്യക്ഷരായപ്പോൾ ഇടയന്മാർ രക്ഷകനെ അന്വേഷിച്ചു വന്നു.
ഞങ്ങൾക്കൊരു രക്ഷകനെ നൽകിയ ദൈവമേ, അങ്ങേയ്ക്കു സ്തോത്രം.
നമ്മളെപ്പോലെ പാവപ്പെട്ടവനായിട്ടാണു നമ്മുടെ രക്ഷകൻ ജനിച്ചിരിക്കുന്നത്.
പാവങ്ങളുടെ രക്ഷകാ, അങ്ങേക്കു സ്തുതി.


ശിശു ജനിച്ചപ്പോൾ ഒരു പുതിയ നക്ഷത്രം ഉദിച്ചു. രക്ഷകനെ പ്രതീക്ഷിച്ചിരുന്ന ചില ജ്ഞാനികൾ കിഴക്കുനിന്ന് ആ നക്ഷത്രത്തെ അനുഗമിച്ചു യാത്ര തിരിച്ചു.
അതാ, ഒരു മരുപ്പച്ച. ഇന്നു നമുക്കിവിടെ വിശ്രമിക്കാം.
നക്ഷത്രം അതിനുമുകളിൽ നിൽക്കുന്നതുപോലെ തോന്നുന്നു. ആരോ അവിടെ കൂടാരമടിച്ചിട്ടുണ്ടല്ലോ.


പല ദേശങ്ങളിൽനിന്നു വന്നവർ അവിടെവച്ചു കണ്ടുമുട്ടി.
നിങ്ങൾ എങ്ങോട്ടു പോകുന്നു?
ആ നക്ഷത്രത്തെ അനുഗമിക്കുകയാണ്. ലോകരക്ഷകനെ തേടിയാണ് യാത്ര.
രക്ഷകൻ യൂദായിൽ ജനിക്കുമെന്നാണ് ഗ്രന്ഥങ്ങളിൽ കാണുന്നത്.


എട്ടാം ദിവസം ശിശുവിനു ഛേദനാചാര കർമ്മം നടത്തി.
നമ്മുടെ പിതാവായ അബ്രാഹവുമായി ദൈവം ചെയ്ത ഉടമ്പടിയുടെ അടയാളമാണ് ഛേദനാചാരം. ഇതു വഴി ശിശു ഇസ്രായേൽ ജനത്തിൽ അംഗവും ഉടമ്പടിയുടെ അവകാശിയുമാകുന്നു. ശിശുവിൻറെ പേര്?
യേശു എന്നു വിളിക്കാം.
!


നാൽപതാം ദിവസം മാതാപിതാക്കൾ യേശുവിനെ ദേവാലയത്തിൽ കാഴ്ചവയ്ക്കാൻ വന്നു.
ശിശുവിനെ ഞങ്ങൾ ദൈവത്തിനു കാഴ്ചവയ്ക്കുന്നു. വീണ്ടെടുപ്പിനായി പാവപ്പെട്ടവരുടെ കാഴ്ച്ചയായ ഈ രണ്ടു പ്രാവിൻ കുഞ്ഞുങ്ങളെ സ്വീകരിച്ചാലും.
ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

അപ്പോൾ ശിമയോൻ എന്നൊരു വൃദ്ധൻ ശിശുവിനെ കയ്യിലെടുത്തു.





ഇവൻ ഇസ്രായേലിൽ പലരുടെയും രക്ഷക്കും നാശത്തിനും കാരണമാകും. അനേകരുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടുത്തുന്ന അടയാളമായിരിക്കും.


നിൻറെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചു കയറും.
!


രക്ഷകനെ തേടിയിറങ്ങിയ ജ്ഞാനികൾ ജറുസലെമിലെത്തി. ഹേറോദേസിൻറെ കൊട്ടാരത്തിൽ...
ലോകരക്ഷകനായി ജനിച്ചിരിക്കുന്ന യഹൂദരുടെ രാജാവിനെ അന്വേഷിച്ചു വന്നവരാണു ഞങ്ങൾ.
അവൻറെ നക്ഷത്രം ഞങ്ങളെ ഇവിടെവരെ എത്തിച്ചു.
എവിടെയാണ് ആ രാജശിശു?
റബ്ബി, എവിടെയാണു രക്ഷകൻ ജനിക്കുക? പ്രവാചകന്മാർ എന്തു പറയുന്നു?


യൂദായെ ഭരിക്കാൻ വരുന്ന രാജാവു ബെത്‌ലെഹെമിൽ ജനിക്കും എന്നു മിക്കാ പ്രവാചകൻറെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.


നിങ്ങൾ ബെത്‌ലെഹെമിൽ പോയി അന്വേഷിക്കുവിൻ. ശിശുവിനെ കണ്ടുകഴിഞ്ഞ് എന്നെയും അറിയിക്കണം. അവനെ എനിക്കും ആരാധിക്കണം.


ജ്ഞാനികൾ ബെത് ലെഹെമിൽ എത്തി.
രാജാധിരാജനു കാഴ്ചയായി ഈ സ്വർണ്ണം സ്വീകരിച്ചാലും.
ലോകത്തെ ദൈവവുമായി രമ്യപ്പെടുത്തുന്ന പുരോഹിതനു കാഴ്ചയായി ഈ കുന്തിരിക്കം.
മനുഷ്യനായി ജനിച്ച ദൈവത്തിനു ഞാൻ മീറ കാഴ്ച്ച വയ്ക്കുന്നു. മർത്യമായ ശരീരത്തെ പൂശാൻ ഉപയോഗിക്കുന്ന അമൂല്യമായ സുഗന്ധദ്രവ്യമാണിത്.


ഞങ്ങളുടെ യാത്ര
സഫലമായി.
അരമനയുടെ
പ്രൗഢിയിലല്ല,
കാലിത്തൊഴുത്തിലെ
ദാരിദ്ര്യത്തിലാണ്
ദൈവം തൻറെ
മഹത്വം
വെളിപ്പെടുത്തിയിരി
ക്കുന്നത്.


അന്നു രാത്രി.
ജോസഫ്, ഹേറോദേസ് ശിശുവിനെ വധിക്കാൻ ആലോചിക്കുന്നു. ഉടനെ ഈജിപ്തിലേക്ക് ഒളിച്ചോടുക.



അവർ ഉടനെ പുറപ്പെട്ടു.
ദൈവമേ, ശിശുവിന് അപകടമൊന്നും വരുത്തരുതേ.
എന്തേ ഇത്ര ക്രൂരത? പിറക്കാനിടമില്ലാത്ത വനെ ഭയന്നു വധിക്കാൻ ശ്രമിക്കുന്ന രാജാവ്!



ദീർഘമായ യാത്രക്കു ശേഷം അവർ ഈജിപ്തിലെത്തി.
നമുക്ക് ഈ ഗ്രാമത്തിൽ താമസിക്കാം.


അതേസമയം ഹേറോദേസിൻറെ അരമനയിൽ...
ബെത് ലെഹെമിലേക്കു പോയ അവർ ഇതുവരെ മടങ്ങി വന്നില്ലേ?
അവർ വേറേ വഴിക്കു മടങ്ങിപ്പോയി. രാജ്യാതിർത്തിക്കപ്പുറത്തായി.



അപ്പോൾ നമ്മുടെ പുതിയ രാജാവിനെ കണ്ടെത്തുക കൂടുതൽ വിഷമമാണ്. ബെത്‌ലെഹെമിലും പരിസരത്തും രണ്ടുവയസിൽ താഴെയുള്ള എല്ലാ ആൺകുട്ടികളെയും കൊല്ലുവിൻ.
തിരുമനസ്സേ, നിർദ്ദോഷികളായ ശിശുക്കളെ?


എൻറെ രാജ്യത്തു മറ്റൊരു രാജാവിനെ ഞാൻ വച്ചുപൊറുപ്പിക്കില്ല, അതു മിശിഹായല്ല ദൈവം തന്നെയാണെങ്കിലും. ഉടനെ പോകുവിൻ. ചെന്ന് എല്ലാ ആൺകുട്ടികളെയും കൊല്ലുവിൻ. അവൻ രക്ഷപ്പെടരുത്.


പടയാളികൾ ബെത് ലെഹെമിൽ
എത്തി, രാജകല്പന നടപ്പാക്കി.


എൻറെ കുഞ്ഞിനെ കൊല്ലല്ലേ....


"റാഹേൽ മരിച്ചുപോയ തൻറെ
മക്കളെ ഓർത്തു
വിലപിക്കുന്നു. അവളെ
ആശ്വസിപ്പിക്കാൻ ആർക്കും
സാധിക്കുന്നില്ല" എന്ന ജെറമിയായുടെ
പ്രവചനം അങ്ങനെ പൂർത്തിയായി.


ഏറെ താമസിയാതെ ഹേറോദേസിനു മാരകമായ രോഗം ബാധിച്ചു. ശരീരം പഴുത്ത് ദുർഗന്ധം വമിച്ചു. രാജാവു തൻറെ സഹോദരി സലോമിയേയും വിശ്വസ്ത സേവകരേയും വിളിച്ചു.
എൻറെ മരണം അടുത്തു. ഞാൻ മരിക്കുമ്പോൾ ജനം മുഴുവൻ സന്തോഷിക്കും. കാരണം അവരെല്ലാം എന്നെ വെറുക്കുന്നു.
അങ്ങേക്ക് എഴുപതു വയസ്സല്ലേ ആയുള്ളൂ. ഇനിയും ഇരുപതു വർഷമെങ്കിലും ജീവിക്കും.
അങ്ങയുടെ മരണം ഇപ്പോഴൊന്നും ഉണ്ടാവില്ല. അതു ലോകത്തിനുതന്നെ ഒരു തീരാനഷ്ടമായിരിക്കും.


നാട്ടിലെ പ്രമുഖന്മാരായ നാനൂറുപേരെ ഞാൻ തടവിലാക്കിയിട്ടുണ്ട്. ഞാൻ മരിച്ചാൽ ഉടനെ അവരെയെല്ലാം കൊല്ലണം.
?!



അതിനുശേഷമേ എൻറെ മരണവാർത്ത പുറത്തുവിടാവൂ. അപ്പോൾ രാജ്യം മുഴുവൻ ഹൃദയം പൊട്ടി നിലവിളിക്കും. അതുകേട്ട് എൻറെ ആത്മാവ് സന്തോഷിക്കും.


ഏതാനും ദിവസങ്ങൾക്കുശേഷം ഈജിപ്തിൽ...
ജോസഫ്, നാട്ടിലേക്കു മടങ്ങു. ശിശുവിനെ വധിക്കാൻ ആലോചിച്ചവരെല്ലാം മരിച്ചു.


പിറ്റേന്നു രാവിലെ...
നമുക്കിനി സമാധാനമായി മടങ്ങിപ്പോകാം.
ഒരു പേടിസ്വപ്നം അവസാനിച്ചു. ദൈവമേ, അങ്ങേക്കു സ്തോത്രം .


എന്നിട്ടു ഹേറോദേസ് മരിച്ചപ്പോൾ അവർ തടവുകാരെ കൊന്നോ?
ഹേറോദേസിൻറെ ഭ്രാന്ത് സേവകന്മാർക്കുണ്ടായിരുന്നില്ല. എല്ലാവരെയും വെറുതെ വിട്ടു. നാട്ടിൽ സന്തോഷമായി.



പക്ഷേ, ശവസംസ്കാരം കഴിഞ്ഞപ്പോൾ വലിയൊരു വിപ്ലവം തന്നെ പൊട്ടിപ്പുറപ്പെട്ടു.
അതെന്താ?
ഹേറോദേസിൻറെ അവസാന വിൽപത്രപ്രകാരം ആർക്കെലാവൂസിനാണ് യൂദയാ. അയാൾ ജറുസലേമിൽ അധികാരം ഏറ്റ ഉടനെ ജനങ്ങൾ തടിച്ചു കൂടി.


റബ്ബി യൂദായെയും മത്തി യാസിനെയും ചുട്ടുകൊന്നവരെ വിട്ടു തരുക.
അവരെ കല്ലെറിഞ്ഞു കൊല്ലണം.
തെറ്റു ചെയ്തവരെ ശി ക്ഷിച്ചു. എൻറെ പിതാവിൻറെ പ്രവൃത്തികളെ ചോദ്യം ചെയ്യാൻ ഞാൻ അനുവദിക്കില്ല.
?!!

പിറ്റേദിവസം വലിയൊരു ജനക്കൂട്ടം രാജകൊട്ടാരത്തെ വളഞ്ഞു.
ആർക്കെലാവൂസ് പടയാളികളെ അയച്ചു. പക്ഷേ....




പിന്നെ പട്ടാളത്തെ മുഴുവൻ ഇറക്കി കൂട്ടക്കൊല നടത്തിയാണു വിപ്ലവം ഒതുക്കിയത്.
അപ്പനെപ്പോലെ തന്നെ മകനും.


ഇപ്പോൾ ആർക്കെലാവൂസ് റോമിനു പോയിരിക്കയാണ്, വിൽപത്രം അംഗീകരിപ്പിക്കാൻ.
അക്രമങ്ങൾക്ക് അവസാനമുണ്ടാകും. ജെറുസലെം സമാധാനത്തിൻറെ പട്ടണമാകും.


അവർ നസ്രത്തിലെത്തി.
ഓ മേരി, എത്ര കാലമായി നിങ്ങൾ പോയിട്ട്.
എന്തൊരു ചന്തമുള്ള കുഞ്ഞ്!
നിൻറെ പേരും പറഞ്ഞുകൊണ്ടാണ് അന്ന മരിച്ചത്.
!


എൻറെ അമ്മ! എല്ലാം ദൈവത്തിൻറെ തിരുവിഷ്ടം.
നിങ്ങളെയൊക്കെ കാണാനൊക്കുമെന്നു ഞങ്ങൾ വിചാരിച്ചില്ല. തിരിച്ചെത്താൻ സാധിച്ചതിൽ സന്തോഷമുണ്ട്.

എ. ഡി. 27 - യൂദാ മരുഭൂമിയിൽ, ജോർദ്ദാൻറെ തീരങ്ങളിൽ ഒരു ശബ്ദം മാറ്റൊലിക്കൊണ്ടു.

## കർത്താവിനു വഴിയൊരുക്കുവിൻ!

# മുന്നോടി

# ചോദ്യങ്ങൾ

1. എലിസബത്ത് മേരിയെ ഭാഗ്യവതി എന്ന് വിളിക്കാൻ കാരണമെന്ത്?
2. യോഹന്നാൻ എന്തു ചെയ്യുമെന്നാണു സഖറിയാ പറഞ്ഞത്?
3. വിവാഹത്തിനു മുമ്പു ഗർഭിണിയാകുന്ന സ്ത്രീയെ എന്തു ചെയ്യണമെന്നാണു മോശയുടെ നിയമം അനുശാസിക്കുന്നത്?
4. മേരിയെ രഹസ്യമായി ഉപേക്ഷിക്കാൻ ജോസഫ് തീരുമാനിച്ചതെന്തുകൊണ്ട്?
5. ഇമ്മാനുവേൽ എന്ന പേരിൻറെ അർത്ഥമെന്ത്?
6. അഗസ്റ്റസ് സീസർ എന്തിനുവേണ്ടിയാണ് കാനേഷുമാരി നടത്തിയത്? അതുവഴി ഏതു പ്രവചനമാണു പൂർത്തിയായത്?
7. യേശു കാലിത്തൊഴുത്തിൽ ജനിക്കാൻ കാരണമെന്ത്?
8. ദേവാലയത്തിൽവച്ചു യേശുവിനെ രക്ഷകനായി ആരൊക്കെ മനസിലാക്കി?
9. ജ്ഞാനികൾ എന്തൊക്കെയാണ് കാഴ്ചവച്ചത്? അവ എന്തിനെ സൂചിപ്പിക്കുന്നു?
10. താൻ മരിക്കുമ്പോൾ പലസ്തീന മുഴുവൻ വിലപിക്കാൻവേണ്ടി ഹേറോദേസ് എന്തു പദ്ധതിയാണ് ആസൂത്രണം ചെയ്തത്?

# സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൺ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദുരാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജറെമിയാ
20. എസേക്കിയേൽ
21. സഖറിയാ
22. യോനാ
23. ജോബ്
24. തോബിത്
25. ദാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിന്റെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗ്ഗം
42. ദാവീദിന്റെ പുത്രൻ
43. ജീവന്റെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടുകൂടെ
46. തീനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും